LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാരുടെ ജോലിസമയം

32 [33] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ജോലിസമയം എട്ട് മണിക്കൂറായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്റ്റേഷനുകളിൽ ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ശേഷിക്കുന്ന പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിന് ആദ്യ നടപടി എന്ന നിലയ്ക്ക് ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ ജോലി സമയം 8 മണിക്കൂർ ആക്കി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ അംഗബലം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പോലീസ് ഡയറക്ടർ ജനറലിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) പോലീസുകാരുടെ ജോലിസമയം 8 മണിക്കൂർ ആക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ 57 പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം ഇതിനാവശ്യമായ അധിക തസ്തിക ഇതേവരെയും സൃഷ്ടിച്ചിട്ടില്ല. സർക്കാരിന്റെ സാമ്പത്തികനിലകൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസുകാരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കേരളത്തിലെ പോലീസ് സേനാംഗങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പദ്ധതി

33 [34] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനാംഗങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുടെ നിർവ്വഹണത്തിന് പ്രത്യേക ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവരുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) പോലീസ് സേനാംഗങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടു ത്തുന്നതിനായി പുതിയ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(സി) ഇതുസംബന്ധിച്ച് കോട്ടയം ജില്ല കേന്ദ്രീകരിച്ച് ചില അനൗദ്യോഗിക പഠനം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

(ഡി—എഫ്) ഉദിക്കുന്നില്ല.

പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ബാഹ്യ ഇടപെടലുകൾ

34 [35] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടാകുന്നുണ്ടോ;

(ബി) ഇതുമൂലം കൊലക്കേസ് പ്രതികളേയും ക്രിമിനൽ കേസ് പ്രതികളേയും അറസ്റ്റ് ചെയ്യാൻ പ്രയാസം നേരിടുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലക്കേസുകളിൽപ്പെട്ട എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം കേസിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ള തെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) 43 പ്രതികളെ കൊലക്കേസുകളിൽ അറസ്റ്റ് ചെയ്യുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly